**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ പൂട്ടിയ ഹോട്ടലുകളും റസ്റ്റോറന്റുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ പൂട്ടിയ ഹോട്ടലുകളും റസ്റ്റോറന്റുകളും തുറക്കുന്നത് സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണർ നേരിട്ട് നടപടി സ്വീകരിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ പൂട്ടിയ ഹോട്ടലുകളും റസ്റ്റോറന്റുകളും തുറക്കുന്നത് സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണർ നേരിട്ട് നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടില്ല . എന്നാൽ ഒരിക്കൽ സസ്പെൻഡ് ചെയ്ത ലൈസൻസ് കമ്മീഷണറുടെ അനുമതിയോടു കൂടി മാത്രമേ പിന്നീട് അനുവദിക്കാൻ പാടുള്ളു എന്ന് തീരുമാനിച്ചിട്ടുണ്ട് . |
| (ബി) | സംസ്ഥാനത്തുടനീളമുള്ള റസ്റ്റോറന്റുകളിലെയും ഹോട്ടലുകളിലെയും മറ്റ് സ്ഥാപനങ്ങളിലെയും സാഹചര്യങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് പ്രായോഗികമായ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള ജീവനക്കാരെ പൂർണ്ണമായി ഉപയോഗപ്പെടുത്തി കാര്യക്ഷമമായ പ്രവർത്തനമാണ് വകുപ്പ് നടത്തി വരുന്നത്. |
| (സി) | ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ പൂട്ടിയ ഹോട്ടലുകളും റസ്റ്റോറന്റുകളും തുറക്കുന്നത് സംബന്ധിച്ച് മുൻകാലങ്ങളിൽ ചെയ്തിരുന്നത് പോലെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രതിനിധിയുൾപ്പെട്ടതും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ളതുമായ സമിതി തീരുമാനമെടുക്കുന്നതിന് നിർദേശം നൽകുമോ; വിശദമാക്കുമോ? | (സി) | FSSAI മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ നിയമവും ചട്ടങ്ങളും റെഗുലേഷനുകളും ഫലപ്രദമായി നടപ്പിലാക്കുന്നത് ഉറപ്പ് വരുത്തുന്നതിന് സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിലും ഉപദേശക കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ